LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറുകളും മറ്റ് പൊതുവിതരണ കേന്ദ്രങ്ങളും

67 [385] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകളും മറ്റും പൊതുവിതരണ കേന്ദ്രങ്ങളും ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പുതുതായി സൂപ്പർ മാർക്കറ്റ്, ലാഭം മാർക്കറ്റ്, മാവേലി സ്റ്റോർ എന്നിവ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 15252 എണ്ണം.

തിരുവനന്തപുരം	..	1,976
കൊല്ലം	..	1,507
എറണാകുളം	..	1,468
ആലപ്പുഴ	..	1,326
തൃശ്ശൂർ	..	1,292
പാലക്കാട്	..	958
മലപ്പുറം	..	1,283
കോഴിക്കോട്	..	1,057
കണ്ണൂർ	..	946
കാസർകോട്	..	422
വയനാട്	..	316
കോട്ടയം	..	1,085
പത്തനംതിട്ട	..	885
ഇടുക്കി	..	731
ആകെ	..	15,252

(ബി) ഉണ്ട്.

(സി) ഗതാഗത സൗകര്യം, വിപണന സാധ്യത, അനുയോജ്യമായ കെട്ടിടം രണ്ടു വർഷം കെട്ടിട വാടക അതാത് പഞ്ചായത്തുകൾ തന്നെ നൽകുക എന്നീ മാനദണ്ഡങ്ങൾക്കനുസരിച്ച് മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. അതുപോലെ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച്, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ലാഭം മാർക്കറ്റുകൾ കൂടി ആരംഭിക്കുന്നതാണ്.